പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 215 08/07/2015 ൽ മറുപടിക്ക്

## ബി.പി.എൽ. കാർഡുകാർക്കുള്ള ചികിൽസാ സഹായങ്ങൾ

| ചോദ്യം<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബി.പി.എൽ. കാർഡുകാർക്ക് നൽകിയിട്ടുള്ള ചികിൽസാ സഹായങ്ങൾ വിശദമാക്കാമോ ; | (എ) | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആർ.എസ്.ബി.വൈ. ചിസ് പദ്ധതിയിൽ 30,000/- രൂപവരെയും ചിസ് പ്ലസ്-ൽ 70,000/- രൂപവരെയും സൗജന്യചികിത്സാ സഹായം നൽകുന്നു. കൂടാതെ സുകൃതം, ആരോഗ്യകിരണം, കാരുണ്യ, ജനനിശിശു സുരക്ഷാകാര്യക്രമം, എസ്.എം.എ.പി., ആർ.ബി.എസ്.കെ., ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം തുടങ്ങിയ പദ്ധതികളിലായി സൗജന്യ ചികിത്സാ സഹായങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബി.പി.എൽ. വിഭാഗക്കാർക്ക് വിവിധ ലാബ് ടെസ്റ്റുകൾ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നിവയും കിടപ്പ് ചികിത്സയിലുള്ള രോഗികൾക്ക് മരുന്ന് സി.റ്റി.സ്കാൻ, ഇ.സി.ജി., ഇ.ഇ.ജി. എന്നിവയും ശസ്ത്രക്രിയ അടക്കമുള്ള ചികിത്സകളും സൗജന്യമായി നൽകിവരുന്നു. |
| (ബി) | ഭിന്നശേഷിക്കാർ, അംഗപരിമിതർ, പലതരം മാരകരോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർ എന്നിവർക്ക് എന്തെല്ലാം ചികിൽസാ സഹായങ്ങളാണ് നൽകി വരുന്നത് ; | (ബി) | ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ വഴി ഭിന്നശേഷിക്കാർക്കുള്ള ചികിത്സകളായ ഫിസിയോതേറാപ്പി, എക്സർസൈസ് തെറാപ്പി, മസിൽ നേർവ് സ്റ്റിമുലേഷൻ, ആധുനിക ചികിത്സാ രീതികളായ അൾട്രാ സൗണ്ട് തെറാപ്പി മുതലായവ എല്ലാ ജില്ലാ ആശുപത്രികളിലും സൗജന്യമായി നൽകുന്നുണ്ട്. ലിമ്പ് ഫിറ്റിംഗ് സെന്റർ വഴി അംഗപരിമിതർക്ക് ആർട്ടിഫിഷ്യൽ ലിമ്പ് അപ്ലയൻസ്, എം.സി.ആർ. ചപ്പൽ, ഷൂസ് എന്നിവ ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായും എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിലും നൽകി വരുന്നുണ്ട്. വെൽഫെയർ സൊസൈറ്റി ഫോർ ലോക്കോമോട്ടോർ ഡിസേബിൾഡ് ന്റെ ആഭിമുഖ്യത്തിൽ ഡിസെബിലിറ്റി ഡിറ്റക്ഷൻ |

| | | | |
|---|---|---|---|
| | | | ആന്റ് എവലൃൂഷൻ ക്യാമ്പുകൾ നടത്തുകയും അർഹരായവർക്ക് ഹാന്റികൃാപ്പ്ഡ് വെൽഫയർ കോർപ്പറേഷൻ മുഖേന ആർട്ടിഫിഷ്യൽ ലിമ്പ്, അപ്ലൈൻസസ്, എം.സി.ആർ. ചപ്പൽ, ഷൂസ് എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്നു.<br><br>മെഡിക്കൽ കോളേജുകളിൽ ഈ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ഒ.പി. ടിക്കറ്റിന് പ്രത്യേകം തുക ഈടാക്കുന്നില്ല. ഇവർക്ക് ഒ.പി. രജിസ്ട്രേഷന് പ്രത്യേകം കൗണ്ടർ ഒരുക്കിയിട്ടുണ്ട്. മാരകരോഗങ്ങളാൽ വിഷമിക്കുന്ന പാവപ്പെട്ട രോഗികൾക്ക് ആരോഗ്യവകുപ്പിന് കീഴിലുള്ള ക്യാൻസർ സെന്ററുകളിൽ കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന കീമോതെറാപ്പി ചികിത്സയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. കാരുണ്യ ബനവലന്റ് പദ്ധതി മുഖേന 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായവും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയിലൂടെ 5 ലക്ഷം രൂപവരെയുള്ള ചികിത്സാ ധനസഹായവും നൽകിവരുന്നു. |
| (സി) | പ്രസ്തുത വിഭാഗക്കാർക്കുകൂടി സൗജന്യ ചികിൽസ നല്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**സൊസൈറ്റി ഫോർ മെഡിക്കൽ അസ്സിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

1. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം
2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3. മെഡിക്കൽ കോളജ് ആശുപത്രി തിരുവനന്തപുരം
4. മെഡിക്കൽ കോളജ് ആശുപത്രി ആലപ്പുഴ
5. മെഡിക്കൽ കോളജ് ആശുപത്രി തൃശ്ശൂർ
6. മെഡിക്കൽ കോളജ് ആശുപത്രി കോട്ടയം
7. മെഡിക്കൽ കോളജ് ആശുപത്രി കോഴിക്കോട്
8. സഹകരണ മെഡിക്കൽ കോളജ് ആശുപത്രി കൊച്ചി
9. ഇ.എം.എസ്. മെമ്മോറിയൽ സഹകരണാശുപത്രി പാണമ്പി,പെരിന്തൽമണ്ണ, മലപ്പുറം
10. സഹകരണ ഹൃദയാലയ മെഡിക്കൽ കോളജ് ആശുപത്രി ,പരിയാരം, കണ്ണൂർ
11. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി തിരുവനന്തപുരം
12. മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, കണ്ണൂർ
13. ഇൻസ്റ്റിട്യൂട്ട് ഓഫ് മെറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത് കോഴിക്കോട്
14. ജനറൽ ആശുപത്രി എറണാകുളം
15. ഇൻസ്റ്റിട്യൂട്ട് ഓഫ് ചൈൽഡ്ഹെൽത്ത് കോട്ടയം.

**പാവപ്പെട്ടവർക്ക് ചികിൽസാ ധനസഹായം നൽകുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗചികിൽസകൾക്ക് ഏതു് നിരക്കിൽ ധനസഹായം നൽകുന്നു എന്നതു ചുവടെ വിവരിക്കുന്നു.**

1. മസ്തിഷ്ക്ക ശസ്ത്രക്രിയ
2. ഹൃദയശസ്ത്രക്രിയ
3. കിഡ്നി മാറ്റിവെക്കൽ
4. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)
5. കരൾ മാറ്റിവെക്കൽ
6. പേസ് മേക്കർ ഇംപ്ലാന്റേഷൻ
7. ആഞ്ജിയോ പ്ലാസ്റ്റി
8. അസ്ഥിരോഗ ശസ്ത്രക്രിയകൾ (റ്റ്യൂമർ റിസക്ഷൻ & പ്രോതെസിസ്, ലംബാർ തൊറാസിക്, വെർട്ടിബ്രൽ ബോഡി റ്റ്യൂമർ റിമൂവൽ)
9. ഡയാലിസിസ്

പരമാവധി ധനസഹായം ഇരുപതിനായിരം രൂപ.
പരമാവധി ധനസഹായം ഇരുപതിനായിരം രൂപ.
പരമാവധി ധനസഹായം ഇരുപതിനായിരം രൂപ.
പരമാവധി ധനസഹായം ഇരുപതിനായിരം രൂപ.
പരമാവധി ധനസഹായം ഇരുപതിനായിരം രൂപ.
പരമാവധി ധനസഹായം പതിനായിരം രൂപ.
പരമാവധി ധനസഹായം പതിനായിരം രൂപ.
പരമാവധി ധനസഹായം പതിനായിരം രൂപ.
പരമാവധി ധനസഹായം പതിനായിരം രൂപ.
പരമാവധി ധനസഹായം പതിനായിരം രൂപ.

അനുബന്ധം II

## List of Limb fitting Centres in Kerala

| | | |
|---|---|---|
| 1 | Thiruvananthapuram | |
| 2 | Kollam | |
| 3 | Alappuzha | |
| 4 | Ernakulam | |
| 5 | Palakkad | |
| 6 | Kannur | |
| 7 | Thrissur | |
| 8 | Pathanamthitta Kozhenchery | |